## പതിമൂന്നാം കേരള നിയമസഭ
## പതിനാറാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 598** — 09.02.2016 - ൽ മറുപടിക്ക്.

### ഒറ്റപ്പാലത്തെ വ്യവസായ സംരംഭങ്ങൾ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. എം. ഹംസ. | ശ്രീ. പി.കെ. കുഞ്ഞാലിക്കുട്ടി (വ്യവസായവും വിവര സാങ്കേതികവും വകുപ്പ് മന്ത്രി) |
| (എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഒറ്റപ്പാലത്തിന്റെ വ്യവസായ മേഖല ശക്തിപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു എന്ന് വ്യക്തമാക്കാമോ ; | (എ) : 2011-12, 2012-13, 2013-14 വർഷങ്ങളിൽ ഒറ്റപ്പാലം താലൂക്കിലെ ഓരോ ബ്ലോക്കിലും ഒന്നു വീതം സംരംഭക ബോധവത്കരണ പരിപാടിയും താലൂക്ക് തലത്തിൽ ഒരു വ്യവസായ സെമിനാറും സംഘടിപ്പിച്ചു. 2014-15, 2015-16 വർഷങ്ങളിൽ ഓരോ ബ്ലോക്കിലും രണ്ടു വീതം സംരംഭക ബോധവത്കരണ പരിപാടിയും താലൂക്ക് തലത്തിൽ ഒരു വ്യവസായ സെമിനാറും 2 നിക്ഷേപക സംഗമവും സംഘടിപ്പിച്ചു. നിക്ഷേപക സംഗമത്തിലൂടെ സംരംഭകരെ സാമ്പത്തിക സ്ഥാപനങ്ങളുമായി ബന്ധപ്പെടുത്തി സാമ്പത്തിക സഹായം ലഭ്യമാക്കുകയും ചെയ്തു. 2014-15-ൽ ജില്ലാ തലത്തിൽ സംഘടിപ്പിച്ച എന്റർപ്രണർഷിപ്പ് ഡവലപ്പ്മെന്റ് പ്രോഗ്രാമിൽ ഒറ്റപ്പാലം താലൂക്കിൽ നിന്ന് 45 പേർ പങ്കെടുത്തു. ഉത്പന്ന വിപണനത്തിനായി ഒരു എക്സിബിഷനും സംഘടിപ്പിച്ചു.<br>പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം പ്രോജക്ട് തുകയുടെ 35%-വും, പ്രത്യേക തൊഴിൽദാന പദ്ധതിപ്രകാരം പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗത്തിന് 40%-വും പിന്നോക്ക വിഭാഗത്തിന് |

| | |
|---|---|
| | 30%-വും ജനറൽ വിഭാഗത്തിന് 25%-വും സബ്സിഡിയായി നൽകിയിട്ടുണ്ട്.<br>കിൻഫ്രയുടെ കീഴിൽ 60 ഏക്കർ ഭൂമിയിൽ ഒരു ഡിഫൻസ് പാർക്ക് സ്ഥാപിക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്. |
| (ബി) ഒറ്റപ്പാലത്ത് ഏതെല്ലാം വ്യവസായ സംരംഭങ്ങൾ ആരംഭിക്കുവാൻ കഴിഞ്ഞു ; വിശദാംശം ലഭ്യമാക്കാമോ ; | (ബി) : റെഡിമെയ്ഡ് ഗാർമെന്റ്സ്, ഫോട്ടോഗ്രാഫി, വർക്ക്ഷോപ്പ്, റൈസ് മിൽ,ബേക്കറി, തയ്യൽ, സ്റ്റുഡിയോ എന്നിങ്ങനെ ഈ സർക്കാരിന്റെ കാലത്ത് 2331 സൂക്ഷ്മ ചെറുകിട - ഇടത്തരം വ്യവസായ യൂണിറ്റുകൾ ആരംഭിച്ചിട്ടുണ്ട്. |
| (സി) എത്ര കോടി രൂപയുടെ നിക്ഷേപമാണ് വ്യവസായ മേഖലയിൽ ലക്ഷ്യമിടുന്നത് ; ആയതിന്റെ പ്രവർത്തനങ്ങളുടെ സംക്ഷിപ്ത രൂപം ലഭ്യമാക്കാമോ ; | (സി) : ഖാദി ഗ്രാമ വ്യവസായ ബോർഡിന് 1,06,16,530/-രൂപയുടെ പ്രോജക്ട് അംഗീകരിച്ചു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നും കിൻഫ്രയിൽ നിന്നുമുള്ള വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (ഡി) ഒറ്റപ്പാലത്തെ ഓരോ വ്യവസായ സ്ഥാപനത്തിനും എത്ര തുക അനുവദിച്ചു ; എന്തെല്ലാം വികസന പ്രവർത്തനങ്ങൾ നടത്തി എന്ന് വ്യക്തമാക്കാമോ ? | (ഡി) : പ്രധാനമന്ത്രിയുടെ തൊഴിൽദാന പദ്ധതി പ്രകാരം ഇവിടെ 13 സ്ഥാപനങ്ങൾക്ക് 35,33,030/- രൂപയും പ്രത്യേക തൊഴിൽദാന പദ്ധതി പ്രകാരം 8 സ്ഥാപനങ്ങൾക്ക് 5,33,844/- രൂപയും സബ്സിഡിയായി അനുവദിച്ചിട്ടുണ്ട്. പ്രസ്തുത പദ്ധതികളിലൂടെ യഥാക്രമം 118, 26 തൊഴിൽ അവസരങ്ങൾ സൃഷ്ടിക്കാൻ കഴിഞ്ഞു. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം അനുബന്ധമായി ചേർക്കുന്നു.<br>കൈത്തറി ഡയറക്ടറേറ്റിൽ നിന്നുള്ള വിവരം ശേഖരിച്ച് നൽകുന്നതാണ്. |

സെക്ഷൻ ഓഫീസർ.

# അനുബന്ധം

ഉത്തരം : (സി)

ഉത്പാദന സേവന മേഖല തിരിച്ചുള്ള വിവരങ്ങൾ താഴെ സൂചിപ്പിക്കുന്നു.

| | ഉത്പാദന മേഖല | | | | സേവന മേഖല | |
|---|---|---|---|---|---|---|
| | 25 ലക്ഷത്തിന് താഴെ | 25 ലക്ഷത്തിന് മുകളിൽ | ആകെ എണ്ണം | നിക്ഷേപം ലക്ഷത്തിൽ | എണ്ണം | നിക്ഷേപം ലക്ഷത്തിൽ |
| ഒറ്റപ്പാലം താലൂക്ക് | 314 | 96 | 410 | 3927 | 173 | 1014 |

ഡിഫൻസ് പാർക്കിന് കിൻഫ്ര അടിസ്ഥാനസൗകര്യവികസനത്തിന് 36.5 കോടിയുടെ നിക്ഷേപം നടത്തിയിട്ടുണ്ട്.

ഉത്തരം : (ഡി)

| വർഷം | പി.എം.ജി.പി (രൂപ) | എസ്.ഐ.എസ്/ഇ.എസ്.എസ് (രൂപ) |
|---|---|---|
| 2011-12 | 7,70,218/- | 3,50,000/- |
| 2012-13 | 30,98,387/- | 14,67,879/- |
| 2013-14 | 38,03,078/- | 50,120/- |
| 2014-15 | 26,24,071/- | 12,38,588/- |
| 2015-16 | 3,29,000/- | 13.08,431/- |